# Dakshina Kerala Jam-iyyathul Ulama

H.O. Kollam


## ജുമുഅ പ്രഭാഷണം "പരീക്ഷണങ്ങളെ അതിജയിക്കുക " (31/03/17)


അവതരണം: സി.എ. മൂസാ മൗലവി MA MFB,Ph: 9447465648


أَمْ حَسِبْتُمْ أَن تَدْخُلُوا الْجَنَّةَ وَلَمَّا يَأْتِكُم مَّثَلُ الَّذِينَ خَلَوْا مِن قَبْلِكُم ۖ مَّسَّتْهُمُ الْبَأْسَاءُ وَالضَّرَّاءُ وَزُلْزِلُوا حَتَّىٰ يَقُولَ الرَّسُولُ وَالَّذِينَ آمَنُوا مَعَهُ مَتَىٰ نَصْرُ اللَّهِ ۗ أَلَا إِنَّ نَصْرَ اللَّهِ قَرِيبٌ (٢١٤)

- ദിവസങ്ങളായി വിദ്യാർത്ഥികളും രക്ഷകർത്താക്കളും പരീക്ഷാചൂടിലായിരുന്നു. എൽ.കെ.ജി മുതൽ പ്ലസ്ടു വരെയുള്ള വിദ്യാർത്ഥികളും അവരെ സജ്ജരാക്കുന്ന രക്ഷകർത്താക്കളും കടുപ്പമേറിയ ദിവസങ്ങളിലൂടെയാണ് കടന്ന് പോയത്.
- പരീക്ഷകളുടെയും ഇന്റർവ്യൂകളുടേയും ലോകത്താണ് നാം ജീവിക്കുന്നത്. എൽ.കെ.ജിയിൽ അഡ്മിഷൻ ലഭിക്കാനും പരീക്ഷകൾ എന്നിടത്തേക്ക് കാര്യങ്ങൾ എത്തിയിരിക്കുന്നു. ഇന്റർവ്യൂ ഇല്ലാതെ നിയമനങ്ങളില്ല.. ഇതൊക്കെ കഷ്ടപ്പാടായി കാണുന്നവർ നാളെ ഉദ്യോഗസ്ഥരായാൽ അവരും ഇതേ മാർഗ്ഗ തന്നെ തുടരുന്നു.
- എന്താണിതിന്റെ ലക്ഷ്യവും ഫലവും?. യോഗ്യരെ കണ്ടെത്തലാണ്. യോഗ്യന്മാരെയാണ് എല്ലാവർക്കും ആവശ്യം . കേവല ബിരുദധാരികളെയല്ല.
- അല്ലാഹുവിന്റെ നിലപാടും ഇതുതന്നെയാണ്. പരീക്ഷണങ്ങളിലൂടെ ആഖിറത്തിന്റെ യോഗ്യന്മാരെ തെരഞ്ഞെടുക്കുകയാണ് അവൻ ചെയ്യുന്നത്.

وَلِيُمَحِّصَ اللَّهُ الَّذِينَ آمَنُوا وَيَمْحَقَ الْكَافِرِينَ (١٤١) ﴿آل عمران﴾

ഇമാം ത്വബ്‌രിയുടെ വ്യാഖ്യാനം ഇങ്ങനെയാണ്.

وَلِيَخْتَبِرَ اللَّهُ الَّذِينَ صَدَّقُوا اللَّهَ وَرَسُولَهُ ، فَيَبْتَلِيهِمْ بِإِدَالَةِ الْمُشْرِكِينَ مِنْهُمْ ، حَتَّى يَتَبَيَّنَ الْمُؤْمِنَ مِنْهُمُ الْمُخْلِصَ الصَّحِيحَ الْإِيمَانِ ، مِنَ الْمُنَافِقِ (تفسير الطبري)

(=യഥാർത്ഥ വിശ്വാസികളെ തെരഞ്ഞെടുക്കാൻ വേണ്ടി. മുശ്‌രിക്കുകളും വിശ്വാസികളും നേരിടും വിധം പരീക്ഷിക്കും. അങ്ങനെ യഥാർത്ഥ വിശ്വാസികളും കപടരും വേർതിരിയും.)

- ദുൻയാവിന്റെ സ്വഭാവം തന്നെ പരീക്ഷണങ്ങളും കഷ്ടപ്പാടുകളുമാണ്.

إِنَّ الدُّنْيَا حُلْوَةٌ خَضِرَةٌ, وَإِنَّ اللَّهَ مُسْتَخْلِفُكُمْ فِيهَا, فَيَنْظُرُ كَيْفَ تَعْمَلُونَ؟ فَاتَّقُوا الدُّنْيَا, وَاتَّقُوا النِّسَاءَ, فَإِنَّ أَوَّلَ فِتْنَةِ بَنِي إِسْرَائِيلَ, كَانَتْ فِي النِّسَاءِ (مسلم)

ഇവിടെ ദുൻയാവിന്റെ പ്രത്യേകതകൾ.1. കണ്ടാൽ തന്നെ ആകർഷകമാണ് . (خَضِرَةٌ)

2. അനുഭവിച്ചാൽ അതിരുചികരമാണ്.(حُلْوَةٌ)

➤ വിശ്വാസികൾ പരീക്ഷണത്തിന്റെ ഈ കനൽ പഥങ്ങൾ താണ്ടേണ്ടവരാണ്. ഇസ്ലാം സുഖലോലുപകാലാവസ്ഥയിൽ മാത്രം പാലിക്കാനുള്ളതല്ല. ത്യാഗത്തിന്റെ നാളുകളിലും മതത്തെ നാം ചേർത്തു പിടിക്കേണ്ടതു .

أَمْ حَسِبْتُمْ أَن تَدْخُلُوا الْجَنَّةَ وَلَمَّا يَأْتِكُم مَّثَلُ الَّذِينَ خَلَوْا مِن قَبْلِكُم ۖ مَّسَّتْهُمُ الْبَأْسَاءُ وَالضَّرَّاءُ وَزُلْزِلُوا حَتَّىٰ يَقُولَ الرَّسُولُ وَالَّذِينَ آمَنُوا مَعَهُ مَتَىٰ نَصْرُ اللَّهِ ۗ أَلَا إِنَّ نَصْرَ اللَّهِ قَرِيبٌ (٢١٤)

മൂസാ നബി(അ)ന്റെ ചരിത്രം: നിന്റെ സഹായമെവിടെ എന്ന് ചോദിക്കുവോളം പരീക്ഷിക്കപ്പെട്ടു. ഭൂരിപക്ഷ സമുദായമായ തന്റെ ഖിബ്തീ ജനതയെ ഫറോവ, ന്യൂനപക്ഷമായ ഇസ്രയേലീ മുസ്ലീം കൾക്കെതിരെ സംഘടിപ്പിച്ചു. അവസാന വിജയം ഇസ്ലാമിനായിരുന്നു. ഇന്ന് ഇന്ത്യയിലും ഇതാണ് നടക്കുന്നത്. ഈ ത്യാഗഭൂമിയിലൂടെ കടക്കാതെ എങ്ങനെ സ്വർഗ്ഗം ലഭിക്കുമെന്നാണ് റബ്ബിന്റെ ചോദ്യം.
നബി(സ്വ) പറയുന്നു.

عَنْ أَنَسِ بْنِ مَالِكٍ رضي الله عنه قَالَ: قَالَ رَسُولُ اللَّهِ صلى الله عليه وسلم: يَأْتِي عَلَى النَّاسِ زَمَانٌ الْقَابِضُ عَلَى دينه كالقابض على الجمر (الترمذي)

(=കനൽകട്ട ഉള്ളം കൈയ്യിൽ വെക്കുന്ന പോലെ ത്യാഗമായിരിക്കും മതാനുഷ്ഠാനം.)

➤ പരീക്ഷണങ്ങളുടെ മുന്നിൽ നിരാശരാവാതിരിക്കുക. പുതിയൊരു പ്രഭാതം വിടരും. പ്രതീക്ഷ യോടെ അതിജീവന ശ്രമം തുടരുക. യഅ്ഖൂബ്(അ)ന്റെ ചരിത്രം: യൂസുഫ് നബിയെ നഷ്ടപ്പെട്ട് നാളുകൾ കഴിഞ്ഞിട്ടും നിരാശപ്പെടാതെ പരിശ്രമം തുടരാനാണ് യഅ്ഖൂബ്(അ) ഉപദേശിച്ചത്.

يَا بَنِيَّ اذْهَبُوا فَتَحَسَّسُوا مِن يُوسُفَ وَأَخِيهِ وَلَا تَيْأَسُوا مِن رَّوْحِ اللَّهِ ۖ إِنَّهُ لَا يَيْأَسُ مِن رَّوْحِ اللَّهِ إِلَّا الْقَوْمُ الْكَافِرُونَ (٨٧) (يوسف)

ഈ മാർഗമാണ് നാം സ്വീകരിക്കേണ്ടത്.

➤ കടുത്ത പ്രതിസന്ധിയെ മറികടക്കാൻ വിശ്വാസികൾക്കാകും. അവർക്ക് തിരിച്ചുവരാൻ കഴിയും. വീഴ്ചകൾ താൽക്കാലികം മാത്രമാണ്.

عن كَعْب بن مالك قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: مَثَلُ الْمُؤْمِنِ؛ كَمَثَلِ الْخَامَةِ مِنَ الزَّرْعِ, تُفِيئُهَا الرِّيحُ تَصْرَعُهَا مَرَّةً وَتَعْدِلُهَا أُخْرَى حَتَّى تَهِيجَ, وَمَثَلُ الْكَافِرِ؛ كَمَثَلِ الْأَرْزَةِ الْمُجْذِيَةِ عَلَى أَصْلِهَا لَا يُفِيئُهَا شَيْءٌ, حَتَّى يَكُونَ انْجِعَافُهَا مَرَّةً وَاحِدَةً (مسلم)

(=വിശ്വാസിയുടെ ഉപമ: പുൽക്കൊടികൾപോലെയാണ്. കാറ്റത്ത് ചരിഞ്ഞ് പോയാൽ വീണ്ടും നിവർന്ന് വരും. കാപട്യക്കാർ ബലിഷ്ടമായ പൈൻമരം പോലെയാണ്. സാധാരണ കാറ്റൊന്നും അതിനെ തകർക്കില്ല. പക്ഷേ മറിഞ്ഞാൽ അവസാനിച്ചു. പിന്നെ നിവരില്ല.)

➤ അനുഗ്രഹീതമായ റജബ് ആരംഭിച്ചിരിക്കുകയാണ്. ഇനി അങ്ങോട്ട് തുടർച്ചയായ പുണ്യ ദിനങ്ങൾ. അവയെ പ്രതീക്ഷയോടെ നബി തങ്ങൾ (സ്വ) വരവേറ്റു.

عن أنس رضي الله عنه أن النبي صلى الله عليه وسلم كان يقول إذا دخل رجب: اللَّهُمَّ بَارِكْ لَنَا فِي رَجَب، وَشَعْبَانَ، وَبَلِّغْنَا رَمَضَانَ

أخرجه عبد الله بن أحمد في زوائد المسند (٢٣٤٦)، والبزار في مسنده، كما في كشف الأستار (٦١٦) ، والطبراني في الأوسط (٣٩٣٩)، وفي الدعاء (٩١١)

ഈ പ്രതീക്ഷ നാം പ്രയോഗവൽക്കരിക്കുക